## പ്രധാനവാർത്തകൾ

1. വികസനത്തിൻറെ പാതയിൽ പൈതൃകവും സംരക്ഷിച്ച് മുന്നോട്ട് പോകണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 'കവചം' മുന്നറിയിപ്പ് സംവിധാനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

3. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മരുന്ന് പ്രതിസന്ധി പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്

4. സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ കേരള, തമിഴ്നാട് തീരങ്ങളിൽ ജാഗ്രതാ നിർദ്ദേശം.

5. ഖോ-ഖോ ലോകകപ്പ് വനിതാ വിഭാഗത്തിൽ ഇന്ത്യ - നേപ്പാൾ കിരീടപ്പോരാട്ടം പുരോഗമിക്കുന്നു.

&&&&&&&&&&&&&

RNU TVPM

മൻ കി ബാത്ത്

വികസനത്തിൻറെ പാതയിൽ മുന്നേറുന്നതിനൊപ്പം, പൈതൃകം സംരക്ഷിക്കുകയും അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മുന്നോട്ട് പോവുകയും വേണമെന്ന് പ്രതിമാസ റേഡിയോ പ്രഭാഷണപരിപാടിയായ മൻ കി ബാത്തിന്റെ നൂറ്റി പതിനെട്ടാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങളുടെ ചിന്തകളും വാക്കുകളും വലിയ സമ്പത്താണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ദശകങ്ങളിൽ രാജ്യത്ത് ജനാധിപത്യം ശക്തിപ്പെടുകയും, അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. രാജ്യത്ത് സൃഷ്ടിക്കപ്പെടുന്ന പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. രാജ്യത്തിൻറെ കൂട്ടായ പരിശ്രമങ്ങളുമായും, ഇച്ഛാശക്തിയുമായും ബന്ധപ്പെടാൻ മൻ കി ബാത്ത് തനിക്ക് അവസരം നൽകുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്- പ്രധാനമന്ത്രി)

&&&&&&&&&&&&&

ലക്ഷദ്വീപ് - (ഇൻട്രോ)

സർക്കാർ ജോലിയിൽ നിന്ന് വിരമിച്ച ശേഷവും ജനങ്ങളെ സേവിക്കുന്ന ലക്ഷദ്വീപ് സ്വദേശികളായ നഴ്സ് കെ. ഹിന്ദുംബിയെയും, പരിസ്ഥിതിയെക്കുറിച്ചുള്ള ഗാനങ്ങൾ എഴുതുന്ന കെ ജി മുഹമ്മദിനെയും മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പരാമർശിച്ചു. ഇത് തനിക്കും സേവനമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ നഴ്സുമാർക്കുമുള്ള അംഗീകാരമാണെന്ന് കവരത്തി സ്വദേശിയായ ഹിന്ദുംബി പ്രതികരിച്ചു.

PNU TVPM

മിനിക്കോയ് ദ്വീപിൻറെ പാരിസ്ഥിതിക സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചതിലുള്ള

**സന്തോഷം കെ ജി മുഹമ്മദ് ആകാശവാണി വാർത്തകളോട് പങ്കുവെച്ചു.**

**(ഹോൾഡ് വോയിസ്)**

**&&&&&&&&&&&&&**

**ഉപരാഷ്ട്രപതി- ലക്ഷദ്വീപ്**

ലക്ഷദ്വീപ് സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ജഗദീപ് ധൻകർ ഡൽഹിക്ക് മടങ്ങി. യാത്രാ മധ്യേ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ ശ്രീ. ധൻഖറിനും പത്നിക്കും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറുടെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. വെള്ളിയാഴ്ചയാണ് ഉപരാഷ്ട്രപതിയും ഭാര്യയും ലക്ഷദ്വീപ് സന്ദർശനത്തിനെത്തിയത്.

RNU TVPM

**&&&&&&&&&&&&&**

**കവചം-**

സംസ്ഥാനത്തിൻറെ ദുരന്ത സാധ്യത മുന്നറിയിപ്പ് സംവിധാനം-കവചം മറ്റെന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലകളിൽ സ്ഥാപിച്ച സൈറൺ മുന്നറിയിപ്പ് സംവിധാനത്തിൻറെ ഉദ്ഘാടനവും ഇതോടൊപ്പം നടക്കും. മറ്റെന്നാൾ വൈകീട്ട് 5 ന് ശേഷം പരീക്ഷണാടിസ്ഥാനത്തിൽ സൈറണുകൾ മുഴങ്ങും. ഇതിൽ ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

&&&&&&&&&&&&&

മന്ത്രി വീണാ ജോർജ്

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മരുന്ന് പ്രതിസന്ധി പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കാരുണ്യ വഴി അടിയന്തിരമായി മരുന്ന് എത്തിക്കാനും മരുന്ന് കമ്പനികൾക്ക് നിലവിലുള്ള കുടിശിക ഉടൻ കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിച്ചതായും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&

സെയ്ഫ് അലി ഖാൻ- പ്രതി അറസ്റ്റ്

നടൻ സെയ്ഫ് അലി ഖാനെ ആക്രമിച്ച കേസിൽ മഹാരാഷ്ട്രയിലെ താനെയിൽ നിന്നും ഒരാളെ മുംബൈ പോലീസ് അറസ്റ്റ് ചെയ്തു. കവർച്ച ലക്ഷ്യമിട്ട് നടൻറെ വീട്ടിൽ അതിക്രമിച്ചു കയറിയ മുഹമ്മദ് ഷരീഫുൾ ഇസ്ലാം ഷെഹ്സാദ് എന്ന പ്രതിയെ തിരിച്ചറിഞ്ഞു. അറസ്റ്റിലായ പ്രതി ബംഗ്ലാദേശ് പൗരനാണെന്ന് മുംബൈ പോലീസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇയാളുടെ കൈവശം സാധുവായ ഇന്ത്യൻ തിരിച്ചറിയൽ രേഖകൾ ഇല്ല. ഇയാൾ മാസങ്ങൾക്ക് മുമ്പ് ഇന്ത്യയിൽ അനധികൃതമായി പ്രവേശിച്ച ശേഷം വിജയ് ദാസ് എന്ന പേര് മാറ്റി മുംബൈ പരിസരത്ത് താമസിച്ചു വരികയായിരുന്നു. മറ്റു വ്യാജ പേരുകളും ഉപയോഗിച്ചിരുന്നതായാണ് റിപ്പോർട്ട്. 30 വയസ്സുള്ള പ്രതി ഹൗസ് കീപ്പിംഗ് ഏജൻസിയിലാണ് ജോലി ചെയ്തിരുന്നത്.

&&&&&&&&&&&&&

കോഴിക്കോട്- ടൂറിസം പദ്ധതി

RNUTVPM

ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് മുതൽ ബേപ്പൂർ തുറമുഖം വരെയുള്ളവയുടെ ചരിത്രം ഓർമപ്പെടുന്ന ബൃഹത് ടൂറിസം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. പദ്ധതിക്ക് 100 കോടി രൂപ കേന്ദ്രം അനുവദിച്ചതായി മന്ത്രി പറഞ്ഞു. മലബാർ ടൂറിസം സാധ്യതകൾ ലോകത്തിനു മുന്നിൽ കൊണ്ടുവരാൻ ടൂറിസം വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് സംഘടിപ്പിച്ച ബിസിനസ് ടു ബിസിനസ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ. മുഹമ്മദ് റിയാസ്.

&&&&&&&&&&&&&

സുഗതോത്സവം (ഇൻട്രോ)

മലയാളത്തിന്റെ പ്രിയ കവയിത്രി സുഗതകുമാരിയുടെ ഒരുവർഷക്കാലം നീണ്ടു നിന്ന നവതി ആഘോഷങ്ങൾക്ക് സമാപനം കുറിച്ചു നാല് ദിവസം നീണ്ടുനിൽക്കുന്ന സുഗതോത്സവം പരിപാടിക്ക് ആറൻമുളയിൽ തുടക്കമായി. സുഗതോത്സവം എന്ന പേരിൽ നടക്കുന്ന പരിപാടികളുടെ സമാപനചടങ്ങിൻ്റെ ഉദ്ഘാടനം രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ബുധനാഴ്ച നിർവഹിക്കും.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ........

(വോയിസ്)

&&&&&&&&&&&&&

ശബരിമല നട അടയ്ക്കും

മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് ശബരിമല നട നാളെ രാവിലെ 6.30 നു ശേഷം അടയ്ക്കും. നാളെ രാവിലെ പന്തളം രാജപ്രതിനിധിക്ക് മാത്രമാണ് ദർശനം. ഇനി തീർഥാടരെ പമ്പയിൽ നിന്ന്

സന്നിധാനത്തേയ്ക്ക് കയറ്റിവിടില്ല. ഇന്ന് രാത്രി മാളികപ്പുറത്ത് ഗുരുതി പൂജ നടക്കും.

&&&&&&&&&&&&&

**മഹാകുംഭമേളയിൽ തീപിടുത്തം**

പ്രയാഗ്‌രാജിൽ നടക്കുന്ന മഹാകുംഭമേളയിൽ തീപിടുത്തം. സെക്ടർ 19 ലാണ് അപകടം. ഒരാൾക്ക് പരിക്കേറ്റതായും, ഇയാളെ ആശുപത്രിയിലേയ്ക്ക് മാറ്റിയതായും റിപ്പോർട്ടുണ്ട്. കൂടാരത്തിൽ ഭക്ഷണം പാകം ചെയ്യുന്നതിനിടെ ഉണ്ടായ തീ, സമീപത്തെ മറ്റു കൂടാരങ്ങളിലേയ്ക്ക് പടർന്നതായാണ് സൂചന. സ്ഥിതിഗതികൾ നിയന്ത്രണ വിധേയമായതായി അധികൃതർ അറിയിച്ചു.

&&&&&&&&&&&&&

**കാലാവസ്ഥാ+കള്ളക്കടൽ**

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. അതേസമയം, കള്ളക്കടൽ പ്രതിഭാസത്തിൻ്റെ ഭാഗമായി കേരള, തമിഴ്നാട് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതായി ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശമുണ്ട്.

&&&&&&&&&&&&&

**ഖോ-ഖോ ലോകകപ്പ്**

ഖോ-ഖോ ലോകകപ്പിൽ വനിതാ വിഭാഗം കിരീടപ്പോരാട്ടത്തിൽ ഇന്ത്യ നേപ്പാളിനെ നേരിടുന്നു.

RNUTVPM

ന്യൂഡൽഹി ഇന്ദിര ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്. രാത്രി 7.45 ന് ആരംഭിക്കുന്ന പുരുഷ വിഭാഗം ഫൈനലിലും നേപ്പാൾ തന്നെയാണ് ഇന്ത്യയുടെ എതിരാളികൾ.

&&&&&&&&&&&&&

**ICC അണ്ടർ 19 വനിതാ T20**

ICC അണ്ടർ 19 വനിതാ T20 ലോകകപ്പിലെ ആദ്യ മത്സരത്തിൽ വെസ്റ്റ് ഇൻഡീസിന് എതിരെ ഇന്ത്യക്ക് ഒൻപത് വിക്കറ്റിൻറെ ഉജ്വല വിജയം.ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ വെസ്റ്റിൻഡീസ് കേവലം 44 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു. രണ്ടോവറിൽ അഞ്ചു റൺസ് മാത്രം വഴങ്ങി രണ്ടു വിക്കറ്റെടുത്ത ജോഷിത വി.ജെ. ആണ് കളിയിലെ താരം.

&&&&&&&&&&&&&

**ഐ എസ് എൽ**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഗോവ- ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 7.30 ന് ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&
&&&&&&&&&
&&&

RNUTVPM